# കേരള സർവകലാശാല

നം.പി.ആർ.59/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പി.ജി /എം.ടെക് - തീയതി നീട്ടി

സർവകലാശാലയുടെ വിവിധ പഠനവകുപ്പുകളിലേക്ക് (സി.എസ്.എസ്) പി.ജി/എം.ടെക് അഡ്മിഷനുവേണ്ടിയുള്ള പ്രവേശന പരീക്ഷക്ക് ഓൺലൈനായി അപേക്ഷിക്കാനുള്ള അവസാന തീയതി മാർച്ച് 20 വരെ നീട്ടിയിരിക്കുന്നു. വിശദവിവരങ്ങൾ www.admissions.keralauniversity.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

### പുതുക്കിയ പരീക്ഷാതീയതി

2020 മാർച്ച് 31, ഏപ്രിൽ 2 തീയതികളിൽ ആരംഭിക്കാനിരുന്ന ബി.എ (ആന്വൽ സ്കീം) പാർട്ട് മൂന്ന് രണ്ടും, ഒന്നും വർഷ മെയിൻ പരീക്ഷകൾ യഥാക്രമം ഏപ്രിൽ 2, 7 എന്നീ തീയതികളിൽ നടത്തുന്നതാണ്. 2020 ഏപ്രിൽ 7 ലെ സബ്സിഡിയറി പരീക്ഷകൾ ഏപ്രിൽ 27 ന് നടത്തുന്നതാണ്.

### അസൈൻമെന്റ്/കേസ് അനാലിസിസ് - തീയതി മാറ്റി

വിദൂരവിദ്യാഭ്യാസ വിഭാഗം അഞ്ചാം സെമസ്റ്റർ യു.ജി (2017 അഡ്മിഷൻ) അസൈൻമെന്റ്/കേസ് അനാലിസിസ് സമർപ്പിക്കുന്നതിനുള്ള തീയതി മാർച്ച് 11, 12 ൽ നിന്നും മാറ്റിയിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

### പരീക്ഷാകേന്ദ്രം

2020 മാർച്ച്/ഏപ്രിലിൽ നടത്തുന്ന ഒന്നാം സെമസ്റ്റർ എം.എ/എം.എസ്.സി/എം.കോം മേഴ്സി ചാൻസ് പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. ഹാൾടിക്കറ്റുകൾ അതതു പരീക്ഷാകേന്ദ്രങ്ങളിൽ നിന്നും കൈപ്പറ്റി, ജില്ലകളിൽ നിശ്ചയിക്കപ്പെട്ട കേന്ദ്രങ്ങളിൽ പരീക്ഷയ്ക്ക് ഹാജരാകണം. തിരുവനന്തപുരം ജില്ലയിലെ കോളേജുകൾ പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്ത വിദ്യാർത്ഥികൾ എം.ജി കോളേജ്, തിരുവനന്തപുരത്തും, കൊല്ലം-പത്തനംതിട്ട ജില്ലകളിലെ വിദ്യാർത്ഥികൾ ടി.കെ.എം.ആർട്സ് ആന്റ് സയൻസ് കോളേജ്, കൊല്ലത്തും ആലപ്പുഴ ജില്ലയിലെ വിദ്യാർത്ഥികൾ എസ്.ഡി.കോളേജ്, ആലപ്പുഴയിലും പരീക്ഷ എഴുതേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

2019 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എ.എസ്.എൽ.പി (സി.ബി.സി.എസ്.എസ് സ്ട്രീം) ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 23 വരെ അപേക്ഷിക്കാം.

2019 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്.എസ് – ബി.എ ബിരുദം (2013 ന് മുൻപുള്ള സ്കീം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2020 മാർച്ച് 21 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സി.ബി.സി.എസ്സ്.എസ്സ് മൂല്യനിർണയ ക്യാമ്പ്

2020 മാർച്ച് 18 ന് ആരംഭിക്കേണ്ടിയിരുന്ന ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്സ്.എസ്സ് ഡിസംബർ 2019 പരീക്ഷാ മൂല്യനിർണയ ക്യാമ്പിൽ ചെയർമാൻ, ഡെപ്യൂട്ടി ചെയർമാൻ, ചീഫ് എക്സാമിനർ ആയി നിയോഗിച്ചിട്ടുള്ള അദ്ധ്യാപകർ കോവിഡ് 19 പകർച്ച വ്യാധിയുടെ സാഹചര്യത്തിൽ സർവകലാശാലയിൽ നിന്നും ലഭിക്കുന്ന അറിയിപ്പിന്റെ അടിസ്ഥാനത്തിൽ രണ്ടു സെഷനുകളിലായി ക്യാമ്പുകളിൽ ഹാജരായാൽ മതി.

തിരുവനന്തപുരം.

16.03.2020 പബ്ലിക്ക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098